**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4447** **01-07-2024 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ മിനി ഇൻഡസ്ട്രിയൽ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പറമ്പിൻ മുകളിൽ പ്രവർത്തിച്ചുവരുന്ന മിനി ഇൻഡസ്ട്രിയൽ കെട്ടിടത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | ബാലുശ്ശേരി മിനി വ്യവസായ എസ്റ്റേറ്റിൽ 10 വ്യവസായ ഷെഡ്ഡുകൾ 10 വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചു കൊടുത്തിട്ടുള്ളതാണ്. നിലവിൽ 8 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി വ്യവസായസ്ഥാപനങ്ങൾക്ക് ലീസിന് നൽകിയതാണോയെന്നും ഈ ഭൂമി വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണോയെന്നും വിശദമാക്കാമോ; | (ബി) | ബാലുശ്ശേരി മിനി വ്യവസായ എസ്റ്റേറ്റിലെ ഷെഡുകൾ ലീസിന് നൽകിയതല്ല. ആയത് ഹയർ പർച്ചേസ് വ്യവസ്ഥയിൽ അനുവദിച്ചതും, എല്ലാ കെട്ടിടങ്ങളുടെയും ഹയർ പർച്ചേസ് തുക അടച്ചു തീർത്തതുമാണ്. ബാലുശ്ശേരി മിനി വ്യവസായ എസ്റ്റേറ്റ് ഭൂമി വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതല്ല. ഈ ഭൂമി കോഴിക്കോട് ഡിസ്ട്രിക്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ളതാണ്. |
| (സി) | പ്രസ്തുത ഭൂമി വ്യവസായ വകുപ്പ് അക്വിസിഷൻ നടത്തിയതാണോയെന്നും ഈ ഭൂമിക്ക് ഗ്രാമപഞ്ചായത്തിന് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (സി) | ബാലുശ്ശേരി മിനി വ്യവസായ എസ്റ്റേറ്റ് ഭൂമി വ്യവസായ വകുപ്പ് അക്വിസിഷൻ നടത്തിയതല്ല. ബാലുശ്ശേരി വില്ലേജ് കോക്കല്ലൂർ ദേശത്ത് റീ. സർവ്വേ 29/7 ൽപ്പെട്ട 32 സെന്റ് സ്ഥലം 28/07/1977 ലെ 1813/1977 നമ്പർ ആധാരപ്രകാരവും റീ സർവ്വേ 28/1 ൽപ്പെട്ട 68 സെന്റ് സ്ഥലം 07/04/1987 ലെ 815/1987, 20/04/1987 ലെ 891/1987 (SRO Balussery) നമ്പർ ആധാരങ്ങൾ പ്രകാരവും ബാലുശ്ശേരി പഞ്ചായത്ത് കോഴിക്കോട് ഡിസ്ട്രിക്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഗിഫ്റ്റ് ആയി രജിസ്റ്റർ ചെയ്ത് നൽകിയതാണ്. |

സെക്ഷൻ ഓഫീസർ